"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമ പഞ്ചായത്തിലെ 21-ാം വാർഡ് മെമ്പറായ ശ്രീമതി ഹെലൻ ഫെർണാണ്ടസ് 29/06/2019 മുതൽ 01/07/2019 വരെ നട്ടെല്ല് സംബന്ധമായ അസുഖത്തിന് നടത്തിയ ചികിത്സാചെലവായ 2,62,663/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്

സ.ഉ.(സാധാ) നം.**211/2020**/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/01/2020

---

പരാമർശം:- 1 ശ്രീമതി ഹെലൻ ഫെർണാണ്ടസ്, മെമ്പർ, കഠിനംകുളം ഗ്രാമപഞ്ചായത്ത് 19/7/2019ൽ സമർപ്പിച്ച അപേക്ഷ.

2 കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ 13/08/2019-ലെ യോഗത്തിന്റെ X (1) -ാം നമ്പർ തീരുമാനം.

3 കഠിനംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27/09/2019 ലെ എ3-4702/2019 നം. കത്ത്.

4 പഞ്ചായത്ത് ഡയറക്ടറുടെ 16.11.2019 ലെ പാൻ/22929/2018-ജെ3(ഡിപി) നം. കത്ത്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമ പഞ്ചായത്തിലെ 21-ാം വാർഡ് മെമ്പറായ ശ്രീമതി ഹെലൻ ഫെർണാണ്ടസ് 29/06/2019 മുതൽ 01/07/2019 വരെ നട്ടെല്ല് സംബന്ധമായ അസുഖത്തിന് പട്ടം കോസ്മോ പോളിറ്റൻ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്കായി ചെലവഴിച്ച 2,62,663/- രൂപ പ്രതിപൂരണം ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും, പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ച് കഠിനംകുളം ഗ്രാമപഞ്ചായത്ത് യോഗ തീരുമാനത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ കഠിനംകുളം ഗ്രാമ പഞ്ചായത്തിലെ 21-ാം വാർഡ് മെമ്പറായ ശ്രീമതി ഹെലൻ ഫെർണാണ്ടസിന് ചികിത്സയ്ക്ക് ചെലവായിട്ടുള്ള 2,62,663/-രൂപ (രണ്ടുലക്ഷത്തി അറുപത്തിരണ്ടായിരത്തി അറുനൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/ പ്രസിഡണ്ട്, കഠിനം കുളം ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

ശ്രീമതി ഹെലൻ ഫെർണാണ്ടസ്, വാർഡ് മെമ്പർ, കഠിനംകുളം ഗ്രാമ പഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ